(ഡി) ഓരോ പാട്ടത്തിന്റെയും പാട്ടത്തുക എത്രയാണെന്നും കുടിശ്ശിക എത്ര രൂപയുണ്ടെന്നും അവ പിരിച്ചെടുക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നും പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ;

(ഇ) പാട്ടം റദ്ദ് ചെയ്ത് ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ആകെ 2633.3938 ഹെക്ടർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. കൈവശക്കാരുടെ പ്രത്യേകമായ ജില്ല തിരിച്ചുള്ള കൃത്യമായ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ചട്ടങ്ങൾ പ്രകാരം വാണിജ്യ/വാണിജ്യേതര ആവശ്യങ്ങൾക്കും 1964-ലെ കേരള ഭൂമി പതിവു ചട്ടങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരമാണ് പാട്ടത്തിന് നൽകുന്നത്. ഇപ്പോൾ പാട്ടത്തിന് നൽകിയിരിക്കുന്ന ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പാട്ടത്തിന് നൽകിയ ഭൂമി പാട്ട വ്യവസ്ഥകൾക്കനുസരിച്ച് ഉപയോഗിക്കാത്ത കേസുകളിൽ പാട്ടം റദ്ദ് ചെയ്യുന്നതിനും ഭൂമി തിരിച്ചെടുക്കുന്നതിനും ബന്ധപ്പെട്ട ചട്ടങ്ങളിൽ വ്യവസ്ഥയുള്ളതും അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) തല്ക്കാലം പരിഗണനയിലില്ല.

ഇടുക്കി ജില്ലയിലെ വ്യാജ പട്ടയ വിതരണം

18 [1309] ശ്രീ. കെ. മുഹമ്മദാലി:
,, വി. ബാലറാം:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, വർക്കല കഹാർ:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ, ഇടുക്കി വില്ലേജിൽ 1-1-1977-നുശേഷം ഏതെല്ലാം പ്രദേശത്താണ് പട്ടയം നൽകുവാൻ അനുമതി നൽകിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇടുക്കി വില്ലേജിൽ വ്യാജ പട്ടയങ്ങളും വ്യാജ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകളും നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ 2000 ജനുവരി 1 മുതൽ എത്ര വ്യാജ പട്ടയങ്ങൾ ഇവിടെ നൽകിയതായി കണ്ടെത്തിയിട്ടുണ്ട്;

(ഡി) ഇതിനുത്തരവാദികൾ ആരെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർട്ടിഫിക്കറ്റുകളും പട്ടയങ്ങളും ഉപയോഗിച്ച് ബാങ്കിൽ നിന്നും ലോൺ വാങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇപ്രകാരമുള്ള വ്യാജ പട്ടയ വിതരണം അവസാനിപ്പിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ, ഇടുക്കി വില്ലേജിൽ തടിയം പാട്ട്, മഞ്ഞപ്പാറ, മണിയാറൻകുടി, താന്നിക്കണ്ടം എന്നീ പ്രദേശങ്ങളിൽ പട്ടയം കൊടുക്കുന്നതിന് 1978, 1982, 1985 വർഷങ്ങളിൽ അനുമതി നൽകിയിട്ടുണ്ട്.

(ബി) വ്യാജ പട്ടയങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(സി) 37 എണ്ണത്തിന്റെ രേഖകൾ കണ്ടെത്തിയിട്ടുണ്ട്. 90 എണ്ണം വരെ കൊടുത്തിരിക്കാമെന്ന് അനുമാനിക്കുന്നു.

(ഡി) 2000-ാം ആണ്ടിൽ തൊടുപുഴ താലൂക്കിൽ ജോലി ചെയ്തിരുന്ന തഹസീൽദാർ, സെക്ഷൻ ക്ലാർക്ക്, അന്നത്തെ ഇടുക്കി വില്ലേജിലെ ഉദ്യോഗസ്ഥർ, ഇവരുടെ ഏജന്റായി പ്രവർത്തിച്ചിരുന്ന ഒരു നാട്ടുകാരൻ എന്നിവർ ഇതിനുത്തരവാദികളാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഇടുക്കി വില്ലേജിൽപ്പെട്ട ഭൂമി പതിവ് സംബന്ധിച്ചുള്ള എല്ലാ നടപടികളും, വ്യാജ പട്ടയം സംബന്ധിച്ച അന്വേഷണം പൂർത്തിയാകുന്നതുവരെ നിർത്തിവച്ചിരിക്കുകയാണ്. കുറ്റക്കാർക്കെതിരെ, മാതൃകാപരമായ ശിക്ഷാ നടപടിക്ക് ശുപാർശ ചെയ്യുമെന്ന് അന്വേഷണ ഉദ്യോഗസ്ഥനായ ഇടുക്കി റവന്യൂ ഡിവിഷണൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. വ്യാജ പട്ടയ നിർമ്മാണത്തിന്റെ പ്രധാന കണ്ണി എന്ന് സംശയിക്കുന്ന ഒരു വില്ലേജുമാനെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly